പ്രതികരണം

◆

ശൈഖ് മുഹമ്മദ് കാരകുന്ന്

# കാതിബിന്റെ കത്തും മുജാഹിദ് വിമർശനങ്ങളും

***പ്രബോധനം*** വാരികയിൽ പ്രസിദ്ധീകരിച്ച 'കാതിബിന്റെ കത്തും മുജാഹിദ്-ജമാഅത്ത് ഭിന്നതയും' (2007 ജൂൺ 2) എന്ന ലേഖനത്തെ വിമർശിച്ച് *ശബാബ്* വാരികയിൽ എം.ഐ മുഹമ്മദലി സുല്ലമി എഴുതിയ പ്രതികരണം (2007 ജൂൺ 8) കണ്ടു. കാതിബിന്റെ കത്ത് *പ്രബോധനം* പ്രസിദ്ധീകരിച്ചതിനുശേഷം 2.11.2001 തീയതിയിലുള്ള അദ്ദേഹത്തിന്റെ ഒരു വിശദീകരണ കത്തിന്റെ കോപ്പി ഇമെയിലിൽ അയച്ചുകിട്ടുകയും ചെയ്തു.

പ്രമുഖ പണ്ഡിതനും മദീനാ യൂനിവേഴ്സിറ്റിയിലെ മുൻ അധ്യാപകനുമായ ശൈഖ് അബ്ദുസ്സമദ് അൽ കാതിബിന്റെ രണ്ട് കത്തും ചേർത്തുവെച്ച് വായിച്ചാൽ സംഘടനാ പക്ഷപാതിത്വം കാരണം വിമർശകൻ അകപ്പെട്ട നിസ്സഹായതയുടെ ആഴം ബോധ്യമാകും. ഉദാഹരണത്തിന് ഹാകിമിയ്യത്തിനെയും തറാവീഹ് നമസ്കാരത്തെയും സംബന്ധിച്ച രണ്ടു കത്തിലെയും ഭാഗങ്ങൾ ഇവിടെ ചേർക്കുന്നു. 12.9.2001-ലെ കത്തിൽ കാതിബ് എഴുതി:

*1. ജംഇയ്യത്തുൽ ഉലമയുടെ മൂന്നാം തീരുമാനത്തിൽ 'ഹാകിമിയ്യത്ത്', 'വലാഅ്' എന്നിവ തൗഹീദിൽ പരിഗണിക്കേണ്ട കാര്യങ്ങളല്ലെന്ന് പ്രസ്താവിക്കുന്നതായി കാണുന്നു. തൗഹീദിനെ വിഭജിക്കുമ്പോൾ തൗഹീദു റുബൂബിയ്യ, തൗഹീദുൽ ഉലൂഹിയ്യ, തൗഹീദുൽ അസ്മാഅ് വസ്സിഫാത്ത് എന്നിങ്ങനെ മൂന്നായി വിഭജിച്ചാൽ മതിയാവുന്നതാണ്. 'ഹാകിമിയ്യത്തി'നെയും വലാഇനെയും പ്രത്യേക ഇനങ്ങളായി എണ്ണേണ്ട ആവശ്യമില്ല. എന്നാൽ 'ഹാകിമിയത്തും' 'വലാഉം' തൗഹീദുമായി ബന്ധമില്ലാത്ത കാര്യങ്ങളാണെന്ന് പറയാവതല്ല. ജംഇയ്യത്തുൽ ഉലമയുടെ തീരുമാനങ്ങൾ വായിക്കുന്ന ഒരാൾ 'ഹാകിമിയ്യത്തും' 'വലാഉം' തൗഹീദുമായി ഒരു ബന്ധവുമില്ലാത്ത കാര്യങ്ങളാണെന്ന് ധരിക്കാനിടയുണ്ട്. അതിനാൽ അക്കാര്യം കൂടി ജംഇയ്യത്തിന്റെ തീരുമാനത്തിൽ വ്യക്തമാക്കേണ്ടതായിരുന്നു.*

*അല്ലാഹുവാണ് വിധികർത്താവ്. അവന്റെ വിധിയെ സ്വീകരിക്കേണ്ടത് നമ്മുടെ ബാധ്യതയാണ്. അല്ലാഹു പറയുന്നു: "അല്ലാഹുവും അവന്റെ ദൂതനും ഒരു കാര്യത്തിൽ തീരുമാനമെടുത്തു കഴിഞ്ഞാൽ ഒരു സത്യവിശ്വാസിക്കാകട്ടെ, വിശ്വാസിനിക്കാകട്ടെ തങ്ങളുടെ കാര്യത്തിൽ സ്വതന്ത്രമായ അഭിപ്രായം ഉണ്ടായിരിക്കാവുന്നതല്ല" (വി.ഖു. 33:36).*

*അല്ലാഹുവിന്റെ ഹാകിമിയ്യത്തിനെ അംഗീകരിക്കാത്തവൻ വിശ്വാസിയല്ലെന്ന് ഇതിൽനിന്ന് വളരെ വ്യക്തമാണ്. അതിനാൽ തൗഹീദിൽ പരിഗണിക്കേണ്ട കാര്യംതന്നെയാണ് ഹാകിമിയ്യത്ത് എന്ന് മനസ്സിലാക്കാവുന്നതാണ്. അഥവാ ഒരു വിശ്വാസിയുടെ ജീവിതത്തിലെ എല്ലാ കാര്യങ്ങളും അല്ലാഹുവിന്റെ വിധിവിലക്കുകൾക്ക് വിധേയമാവേണ്ടതാണ്.*

*തൗഹീദ് എന്തെന്ന് മനസ്സിലാക്കുകയും തദനുസാരം നാം പ്രവർത്തിക്കുകയും റസൂൽ കൊണ്ടുവന്നതിനെ അംഗീകരിക്കുകയും അതിൽ വിശ്വസിക്കുകയും ചെയ്താൽ മാത്രമേ ഒരാൾ യഥാർഥ മുസ്ലിം ആവുകയുള്ളൂ. തൗഹീദിനെയും അതിന്റെ വക്താക്കളെയും അവൻ സ്നേഹിക്കുകയും തന്റെ മിത്രങ്ങളായി സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. ഇതിനാണ് വലാഅ് എന്ന് പറയുന്നത്. പരിശുദ്ധ ഖുർആനും നബിചര്യയും ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്.*

*ചുരുക്കിപ്പറഞ്ഞാൽ ഹാകിമിയ്യത്തും വലാഉം തൗഹീദിന്റെ അനിവാര്യഗുണങ്ങൾ (   ) ആണ്. അത് ഇഖ്വാനികളുടെയും ജമാഅത്തുകാരുടെയും ആദർശമല്ല. ഖുർആനും നബിചര്യയും പഠിപ്പിക്കുന്ന ആദർശമാണ്. അഥവാ അഹ്ലുസ്സുന്നത്തി വൽജമാഅയുടെ ആശയമാണ്.*

ഇതിന് 2.11.2001-ലെ കത്തിൽ നൽകിയ വിശദീകരണം ഇങ്ങനെ:

*"തൗഹീദിനെ വിഭജിക്കുമ്പോൾ തൗഹീദു റുബൂബിയ്യ, തൗഹീദുൽ ഉലൂഹിയ്യ, തൗഹീദുൽ അസ്മാഅ് വസ്സിഫാത് എന്നിങ്ങനെ മൂന്നായി വിഭജിച്ചാൽ മതിയാകുന്നതാണ്. ഹാകിമിയ്യത്തിനെയും വലാഇനെയും പ്രത്യേക ഇനങ്ങളായി എണ്ണേണ്ട ആവശ്യമില്ല. എന്നാൽ ജനാധിപത്യ ഗവൺമെന്റിനെ അനുസരിച്ചാൽ ശിർക്കും കുഫ്റുമാകും എന്ന മൗദൂദിയുടെയും സയ്യിദ് ഖുത്ബിന്റെയും മറ്റും വാദങ്ങൾ അസത്യമാണ്. أَمْ لَهُمْ شُرَكَٰٓؤُا۟ شَرَعُوا۟ لَهُم مِّنَ ٱلدِّينِ മതത്തിൽ നിയമങ്ങളുണ്ടാക്കാൻ അവർക്ക് വല്ല പങ്കാളികളുമുണ്ടോ എന്ന അല്ലാഹുവിന്റെ വചനത്തിലെ ഹാകിമിയ്യത്താണ് തൗഹീദിൽ പെടുമെന്ന് ഞാനുദ്ദേശിച്ചത്."*

'അപ്പോൾ ആദ്യകത്തിൽ ചേർത്തത് ഖുർആനിലെ 33-ാം അധ്യായത്തിലെ 36-ാം വാക്യമാണല്ലോ' എന്നൊന്നും ചോദിച്ച് കാതിബിനെയും ഒപ്പമുള്ളവരെയും അലോസരപ്പെടുത്തുന്നില്ല. രണ്ടു കത്തുകളുടെയും താരതമ്യവും നിരൂപണവും വായനക്കാർക്കുതന്നെ വിടുന്നു.

12.9.2001-ലെ കത്തിൽ കാതിബ് എഴുതി:

*തറാവീഹ് നമസ്കാരത്തിൽ റക്അത്തുകളുടെ എണ്ണത്തെക്കുറിച്ചുള്ള തർക്കവിതർക്കങ്ങളും വിവാദങ്ങളും അപ്രസക്തമാണ്. തറാവീഹ് നമസ്കാരം ഏറ്റവും ശ്രേഷ്ഠകരമായ സുന്നത്ത് നമസ്കാരമാണ്. അതിന്റെ റക്അത്ത് ഇത്രയേ ആകാവൂ എന്ന് നബി(സ) കണിശമായി പറഞ്ഞിട്ടില്ല. അതിനെ കുറിച്ച് ചോദിക്കപ്പെട്ടപ്പോൾ നബി(സ) പറഞ്ഞത് ബുഖാരിയും മുസ്ലിമും പോലുള്ള ഹദീസ് ഗ്രന്ഥങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. അത് ഇപ്രകാരമാണ്.*

*"രാത്രിനമസ്കാരം ഈരണ്ട് റക്അത്തുകൾ വീതമാണ്. നിങ്ങളിലൊരാൾ സുബ്ഹിയാകുമോ എന്ന് ഭയപ്പെടുമ്പോൾ ഒരു റക്അത്ത് നമസ്കരിക്കുക. അപ്പോഴവൻ നമസ്കരിച്ചത് ഒറ്റയാക്കപ്പെടുന്നതാണ്" (ബുഖാരി, മുസ്ലിം).*

*'ഒരാൾ തനിക്ക് നമസ്കരിക്കുവാൻ ഉത്സാഹമുള്ളത്ര നമസ്കരിക്കട്ടെ' എന്ന് മറ്റൊരു നിവേദനത്തിലും കാണാവുന്നതാണ്.*

*രാത്രി നമസ്കാരത്തെക്കുറിച്ചുള്ള നബി(സ)യുടെ പ്രസ്താവനയിൽനിന്ന് അതിന്റെ റക്അത്തുകൾക്ക് കണിശമായ എണ്ണങ്ങളില്ലെന്ന് മനസ്സിലാക്കാവുന്നതാണ്. അവസാനം ഒറ്റയാക*

*ണമെന്നേ നബി(സ) നിഷ്കർഷിച്ചിട്ടുള്ളൂ. റക്അത്തുകളുടെ എണ്ണം കണക്കാക്കിയ ഒരു പ്രസ്താവനയും നബി(സ) യിൽനിന്ന് വന്നിട്ടില്ല.*

*രാത്രിയിൽ നബി(സ) ദീർഘനേരം നമസ്കരിച്ചിരുന്നു. ഓരോ റക്അത്തുകളും വളരെ ദീർഘമായിരുന്നു. ചിലപ്പോൾ ഒരു റക്അത്തിൽതന്നെ അഞ്ചര ജുസ്ഓളം നബി(സ) പാരായണം ചെയ്യാറുണ്ടായിരുന്നു. അതിനാലാണ് അദ്ദേഹത്തിന്റെ നമസ്കാരം പതിനൊന്നിൽ കൂടാറുണ്ടായിരുന്നില്ല എന്ന് ആഇശ(റ) പ്രസ്താവിച്ചത്. ചിലപ്പോൾ ഒമ്പതും ഏഴുമൊക്കെ ആകാറുണ്ടായിരുന്നുവെന്നും ഹദീസുകളിൽ സ്ഥിരപ്പെട്ടിട്ടുണ്ട്. അതിനാൽ ഖുർആൻ ദീർഘിപ്പിച്ച് പാരായണം ചെയ്യുന്നവർ പതിനൊന്നോ അതിൽ കുറവോ നമസ്കരിച്ചുകൊള്ളട്ടെ. അവരുടെ പ്രതിഫലത്തിൽ കുറവൊന്നും വരില്ല. കൂടുതൽ സമയം ഖുർആൻ പാരായണം ചെയ്ത് നമസ്കരിക്കാൻ കഴിയാത്തവർ റക്അത്തുകളുടെ എണ്ണം വർധിപ്പിച്ചും പ്രതിഫലം നേടിയെടുക്കാൻ ശ്രമിക്കട്ടെ. ഇമാം അബൂഹനീഫ, ഇമാം ശാഫി, ഇമാം മാലിക്, ഇമാം അഹ്മദ്, ശൈഖുൽ ഇസ്ലാം ഇബ്നുതീമിയ്യ, ശൈഖ് മുഹമ്മദ് ബിൻ അബ്ദിൽ വഹാബ് തുടങ്ങിയ പൂർവികരായ അഹ്ലുസ്സുന്നത്തി വൽജമാഅത്തിലെ പണ്ഡിതരുടെയും ശൈഖ് അബ്ദുൽ അസീസ് ബിൻ ബാസ്, ശൈഖ് മുഹമ്മദ് ബിൻ സ്വാലിഹ് ഉഥൈമീൻ തുടങ്ങിയ ആധുനിക പണ്ഡിതരും (അല്ലാഹു അവരെ എല്ലാവരെയും അനുഗ്രഹിക്കുമാറാകട്ടെ) പതിനൊന്നിൽ കൂടുതൽ നമസ്കരിക്കാമെന്ന് പ്രസ്താവിച്ചവരാണ്. ചുരുക്കിപ്പറഞ്ഞാൽ ഈ വിഷയത്തിൽ തർക്കിക്കുകയും അതിന്റെ പേരിൽ ആദർശവ്യതിയാനാരോപണം നടത്തുകയും ചെയ്യുന്നത് നീതീകരിക്കാനാവില്ല.*

ഇതിന് 2.11.2001-ലെ കത്തിൽ നൽകിയ വിശദീകരണം:

*തറാവീഹ് നമസ്കാരം അതിദീർഘമായി നിർവഹിക്കേണ്ടതാണ്. ഒരു റക്അത്തിൽതന്നെ സൂറത്തുൽ ബഖറയും ആലുഇംറാനും നിസാഉം റസൂൽ(സ) ഓതിയതായി പോലും ഹദീസുണ്ട്. അതുകൊണ്ടുതന്നെ ദീർഘമായി ഓതുമ്പോൾ സുബ്ഹിയാകുമെന്ന് ഭയന്നാൽ ഒറ്റയാക്കണം. എന്നാൽ നബി(സ)യുടെ പ്രവൃത്തിയിലൂടെ റക്അത്തുകളുടെ എണ്ണം സ്ഥിരപ്പെട്ടിട്ടുണ്ട്. റമളാനിലും അല്ലാത്ത കാലത്തും റസൂൽ(സ) പതിനൊന്നിലപ്പുറം അധികരിപ്പിച്ചിട്ടില്ല എന്ന ഹദീസാണത്. നബി(സ) ജനങ്ങളെയും കൂട്ടി മൂന്നു ദിവസം നമസ്കരിച്ചതും പതിനൊന്ന് റക്അത്ത് തന്നെ. ഉമർ(റ) ഉബയ്യുബ്നു കഅ്ബിനോടും തമീമുദ്ദാരിയോടും നമസ്കരിക്കുവാൻ കൽപിച്ചതും പതിനൊന്ന് റക്അത്ത്തന്നെയാണ്. ഒരു സ്വഹാബിയും അതിനെ എതിർത്തിട്ടില്ല. അതിനാൽ സ്വഹാബികൾക്ക് മനസ്സിലായത് പതിനൊന്ന് റക്അത്ത് എന്നാകുന്നു. അതിൽ അവരുടെ ഇജ്മാഅ് ഉണ്ട്.*

താരതമ്യവും നിരൂപണവും ആവശ്യമില്ലാത്തവിധം വൈരുധ്യം വ്യക്തമാണല്ലോ. രണ്ടു കത്തുകളിലെയും മറ്റു കാര്യങ്ങളും ഇവ്വിധം പരസ്പരവിരുദ്ധങ്ങൾതന്നെ. രണ്ടു മാസം പോലും തികയും മുമ്പ് പറഞ്ഞത് മാറ്റിപ്പറയാൻ മാത്രം എന്തു നിർബന്ധിതാവസ്ഥയാണ് ബഹുമാന്യനായ കാതിബ് നേരിട്ടത്?

### *ശബാബിലെ പ്രതികരണം*

ശൈഖ് അബ്ദുസ്സമദ് അൽ കാതിബിന്റെ രണ്ടാമത്തെ കത്ത് സമ്മർദങ്ങൾക്കു വഴങ്ങി എഴുതിയതാണെന്ന് ആദ്യത്തേതുമായി ചേർത്തുവെച്ച് വായിച്ചാൽ ആർക്കും ബോധ്യമാകും. അതുകൊണ്ടുതന്നെ നിർബന്ധിതാവസ്ഥയിൽ പറയുകയോ എഴുതുകയോ ചെയ്യുന്നവക്കുള്ള പരിഗണനയേ അതിനു നൽകേണ്ടതുള്ളൂ. ആദ്യ കത്തിൽ ഹാകിമിയ്യത്തിനെ സംബന്ധിച്ച് പറഞ്ഞ പ്രധാന കാര്യങ്ങളിങ്ങനെ സംഗ്രഹിക്കാം:

1. അല്ലാഹുവിന്റെ ഹാകിമിയ്യത്തിനെ അംഗീകരിക്കാത്തവൻ വിശ്വാസിയല്ല. തൗഹീദിൽ പരിഗണിക്കേണ്ട കാര്യം തന്നെയാണ് ഹാകിമിയ്യത്ത്. ഒരു വിശ്വാസിയുടെ ജീവിതത്തിലെ എല്ലാ കാര്യങ്ങളും അല്ലാഹുവിന്റെ വിധിവിലക്കുകൾക്ക് വിധേയമാകേണ്ടതാണ്.

2. ഹാകിമിയ്യത്തിനെയും വലാഇനെയും സംബന്ധിച്ചു താനെഴുതിയ കാര്യങ്ങൾ ഇഖ്വാനികളുടെയും ജമാഅത്തുകാരുടെയും ആദർശമല്ല. ഖുർആനും നബിചര്യയും പഠിപ്പിക്കുന്ന ആദർശമാണ്. അഥവാ അഹ്ലുസ്സുന്നത്തി വൽ ജമാഅത്തിന്റെ ആശയമാണ്.

ജീവിതത്തിലെ എല്ലാ കാര്യങ്ങളും അല്ലാഹുവിന്റെ വിധിവിലക്കുകൾക്ക് വിധേയമാകണമെന്ന് കാതിബ് എഴുതുന്നു. ഇതിലപ്പുറം എന്താണ് ജമാഅത്തെ ഇസ്ലാമി ഹാകിമിയ്യത്തിനെ സംബന്ധിച്ച് പറഞ്ഞത്? അഥവാ, കാതിബും മുജാഹിദുകളും 'ജീവിതത്തിലെ എല്ലാ കാര്യങ്ങളും' എന്നു പറഞ്ഞാൽ രാഷ്ട്രീയവും ഭരണവും സാമൂഹിക-സാമ്പത്തിക കാര്യങ്ങളുമൊക്കെ അതിൽനിന്ന് ഒഴിവാണെന്നാണെങ്കിൽ അത് വളരെ വിചിത്രംതന്നെ.

കാതിബ് തന്റെ ആദ്യ കത്തിലെഴുതിയ കാര്യങ്ങൾ മുജാഹിദുകളുടെ വീക്ഷണത്തിൽ 'ജമാഅത്തുകാരുടെയും ഇഖ്വാനികളുടെയും ആദർശമായതിനാലാണ്'ല്ലോ അത് അങ്ങനെയല്ലെന്നും ഖുർആനും നബിചര്യയും പഠിപ്പിക്കുന്നതും അഹ്ലുസ്സുന്നത്തി വൽജമാഅത്തിന്റെ ആശയമാണെന്നും അദ്ദേഹത്തിന് വ്യക്തമാക്കേണ്ടിവന്നത്. അതല്ലെങ്കിൽ താനെഴുതിയ കാര്യങ്ങൾ 'ജമാഅത്തിന്റെയും ഇഖ്വാനികളുടെയും ആദർശമല്ലെന്ന്' എഴുതിയതിന്റെ പ്രസക്തിയെന്താണ്?

എന്നിട്ടും *ശബാബ്* വാരികയിലെ പ്രതികരണത്തിൽ 'ശൈഖ് കാതിബും മുജാഹിദുകളും പറയുന്ന കാര്യങ്ങൾക്കിടയിൽ അന്തരമില്ലെന്ന് വ്യക്തമായ'തായും 'കാതിബും സയ്യിദ് മൗദൂദിയും ജമാഅത്തെ ഇസ്ലാമിയും പറഞ്ഞത് വ്യത്യസ്തങ്ങളാണെ'ന്നും എഴുതുന്നു.

എങ്കിൽ പിന്നെ കാതിബ് എന്തിന് മുജാഹിദ് നേതാക്കൾക്കും പ്രവർത്തകർക്കും തെറ്റുതിരുത്താനാവശ്യപ്പെട്ട് കത്തെഴുതി? മുജാഹിദുകളും കാതിബും പറയുന്നത് ഒന്നാണെങ്കിൽ പിന്നെ നാല് പേജ് വരുന്ന വിശദീകരണ കത്തിന്റെ പ്രസക്തിയെന്ത്?

*ശബാബ്* പ്രതികരണത്തിൽ എം.ഐ മുഹമ്മദലി സുല്ലമി എഴുതുന്നു: "മുജാഹിദുകൾ അല്ലാഹുവിന്റെ വിധിയെ മാനിക്കുന്നു. ഇന്ത്യയിലെ മതനിരപേക്ഷ ജനാധിപത്യ വ്യവസ്ഥിതിയെ അംഗീകരിക്കുന്ന ഭരണകൂടങ്ങളോടും രാഷ്ട്രീയ കക്ഷികളോടും സ്വീകരിക്കേണ്ട നിലപാട് മുജാഹിദുകൾ കണ്ടെത്തിയത് സ്വന്തം ഭാവനകളിൽനിന്നല്ല. പ്രത്യുത ഖുർആന്റെയും പ്രവാചക(സ)ന്റെയും അധ്യാപനങ്ങളിൽനിന്നും ഇസ്ലാമിക ചരിത്ര മാതൃകകളിൽനിന്നുമാണ്."

എങ്കിൽ മുജാഹിദുകൾ എന്നാണ് സ്വർണം വാങ്ങാൻ മീൻമാർക്കറ്റിൽ പോകാൻ തുടങ്ങിയത്? മുജാഹിദ് നേതാവ് എഴുതിയത് ഓർക്കുന്നുണ്ടാകുമല്ലോ: "ഭരണം ദുൻയാവിന്റെ കാര്യമായതിനാൽ അതത് കാലത്തെ ജനങ്ങൾ കൂടിയാലോചിച്ചുതീരുമാനിക്കട്ടെ. 'നിങ്ങളുടെ ലൗകിക കാര്യങ്ങളിൽ കൂടുതൽ അറിവുള്ളവർ നിങ്ങൾ തന്നെയാണെന്ന' തിരുവചനത്തിന്റെ താൽപര്യത്തോട് അനുരൂപമായിക്കൊണ്ടാണ് നബി അതിനെക്കുറിച്ച് വ്യക്തമായി നിർദേശങ്ങൾ നൽകാതിരുന്നത്" (*സൽസബീൽ* പുസ്തകം 2 ലക്കം 2,3, പേജ് 16).

"യഥാർഥ മുസ്ലിമായി ജീവിക്കാൻ രാഷ്ട്രീയ പാർട്ടികളെ അന്വേഷിക്കേണ്ട ആവശ്യമില്ല. അന്വേഷിച്ചാലൊക്കുകയുമില്ല. മതഗ്രന്ഥങ്ങൾ, സ്വർണാഭരണങ്ങൾ, സുഗന്ധ ദ്രവ്യങ്ങൾ മുതലായവ വാങ്ങുവാൻ ആരും മീൻ മാർക്കറ്റിൽ പോവുകയില്ലല്ലോ" (*സൽസബീൽ* പുസ്തകം 2, ലക്കം 8, പേജ് 32).

പ്രതികരണമെഴുതും മുമ്പ് താൻതന്നെ എഴുതിയത് എന്തെന്ന് മുഹമ്മദലി സുല്ലമി ഒന്നെടുത്ത് വായിച്ചിരുന്നെങ്കിൽ! *ജമാഅത്തെ ഇസ്‌ലാമി പരിവർത്തനങ്ങളിലൂടെ* എന്ന കൃതിയിൽ അദ്ദേഹം എഴുതി: "എന്നാൽ രാഷ്ട്രീയം ഇസ്‌ലാം മനുഷ്യബുദ്ധിക്ക് വിട്ടുതന്നിരിക്കുന്നു. അതൊരു ദീൻ കാര്യമായിരുന്നുവെങ്കിൽ അങ്ങനെ ചെയ്യുമായിരുന്നില്ല" (പേജ് 69,70).

മനുഷ്യബുദ്ധിക്കു വിട്ടുതന്ന ഭൗതിക കാര്യമാണോ ഇപ്പോൾ മുജാഹിദുകൾ ഖുർആനിലും പ്രവാചകചര്യയിലും ഇസ്‌ലാമിക ചരിത്രത്തിലും പരതുന്നത്?

*ശബാബ്* ലേഖകൻ വീണ്ടുമെഴുതുന്നു: "അല്ലാഹുവിന്റെ വിധികർതൃത്വം മുജാഹിദുകളോ മറ്റു മുസ്‌ലിം സംഘടനകളോ നിഷേധിക്കുന്നില്ല." എങ്കിൽപിന്നെ എന്തിന് അക്കാര്യം ഊന്നിപ്പറഞ്ഞ് കാതിബ് കത്തയച്ചു? മുഹമ്മദലി സുല്ലമി തുടരുന്നു: "ജമാഅത്തെ ഇസ്‌ലാമി നൽകുന്ന പ്രമാണബദ്ധമല്ലാത്ത ഹാകിമിയ്യത്ത് നിർവചനത്തെയും അതിന്റെ ആഘാതങ്ങളെയുമാണ് ജമാഅത്തേതര മുസ്‌ലിംകൾ വിമർശിക്കുന്നത്. 'ശാസനാധികാരം അല്ലാഹുവിനു മാത്രം' എന്ന ദൈവികസന്ദേശത്തെ ഖവാരിജുകൾ ദുർവ്യാഖ്യാനിച്ചു. അവർ തീവ്രവാദത്തിലാപതിച്ചു. മറ്റൊരു ദുർവ്യാഖ്യാനത്തിലൂടെ ജമാഅത്തെ ഇസ്‌ലാമിയും ആത്യന്തികവാദത്തിൽ വീണുപോയി" (പേജ് 12).

കേരളത്തിലെ മുജാഹിദുകൾക്കൊഴിച്ച് ഗൾഫ് സലഫികൾക്കുവരെ മറ്റു പലതിലുമെന്ന പോലെ ഹാകിമിയ്യത്തിലും ജമാഅത്തിന്റെയും ഇഖ്‌വാന്റെയും കാഴ്ചപ്പാടാണുള്ളതെന്ന് മുകളിലെ വരികളെഴുതിയ അതേ എം.ഐ മുഹമ്മദലി സുല്ലമി തന്നെ തുറന്നു സമ്മതിച്ചതാണ്. സുഊദി അറേബ്യയിലെ പണ്ഡിത സമിതിയുടെ ഫത്‌വ ഉദ്ധരിച്ച ശേഷം അദ്ദേഹം എഴുതുന്നു: "ചുരുക്കിപ്പറഞ്ഞാൽ ഇസ്‌ലാമികേതര ഭരണകൂടങ്ങളോടും കോടതികളോടും ബന്ധപ്പെട്ട കാര്യങ്ങളിൽ ഗൾഫ് സലഫികളുടെയും ഇസ്‌ലാഹീ പ്രസ്ഥാനത്തിന്റെയും മൻഹജുകൾ തമ്മിൽ മൗലികമായ അന്തരമുണ്ട്. മാത്രമല്ല, ഈ വിഷയത്തിൽ യഥാർഥ ഇഖ്‌വാനികളുടെയും മൗദൂദികളുടെയും മൻഹജിലാണ് ഗൾഫ് സലഫികൾ നിലകൊള്ളുന്നത്" (*ഗൾഫ് സലഫികളും മുജാഹിദ് പ്രസ്ഥാനവും*, പേജ് 115).

അപ്പോൾ ഹാകിമിയ്യത്തിൽ ദുർവ്യാഖ്യാനം നടത്തിയത് ഗൾഫ് സലഫികളോ കേരള മുജാഹിദുകളോ? ശൈഖ് കാതിബ് സുഊദി സലഫികളുടെ കൂടെയോ കേരള മുജാഹിദുകളുടെ കൂടെയോ? ജമാഅത്തെ ഇസ്‌ലാമി ഏതായാലും ഗൾഫ് സലഫികളുൾപ്പെടെയുള്ള ലോക ഇസ്‌ലാമിക സമൂഹത്തോടൊപ്പമാണ്. ഇക്കാര്യം വിമർശകൻ തന്നെ സമ്മതിച്ചതാണ്. കാതിബിന്റെ രണ്ടാം കത്ത് പോലെ ഇതിനും തിരുത്തുണ്ടോ?

മുഹമ്മദലി സുല്ലമി തന്റെ പ്രതികരണക്കുറിപ്പിലെഴുതുന്നു: "മുജാഹിദുകളും ജമാഅത്തും തമ്മിലുള്ള തർക്കത്തിന്റെ മർമം ഹാകിമിയ്യത്തിലാണെന്ന് ചില ജമാഅത്ത് നേതാക്കൾ അടുത്ത കാലത്ത് കണ്ടുപിടിച്ച പുതിയ അടവാണ്. മുജാഹിദുകൾ അല്ലാഹുവിന്റെ ഹാകിമിയ്യത്തിനെ നിരാകരിക്കുന്നുവെന്നവർ പെരുമ്പറയടിക്കുന്നു" (*ശബാബ്*, പേജ് 12).

ഹാകിമിയ്യത്ത് തൗഹീദിൽ ഉൾച്ചേരുന്നതാണെന്ന് മുജാഹിദുകൾ അംഗീകരിക്കുന്നുവെങ്കിൽ എന്തിനാണ് അവരുടെ സംഘടനയുടെ സംസ്ഥാന സെക്രട്ടറിയായിരുന്ന മർഹൂം കെ.പി മുഹമ്മദ് മൗലവി *ഇബാദത്തും ഇത്വാഅത്തും* എന്ന പുസ്തകത്തിലെ 90 മുതൽ 104 വരെയുള്ള പേജുകൾ എഴുതിയത്. *ശബാബിൽ* പ്രതികരണമെഴുതും മുമ്പ് ഇവ്വിഷയകമായി *ശബാബ്* എഴുതിയതെങ്കിലും ഒന്നു പരിശോധിച്ചുകൂടേ? 3.7.1987 -ലെ *ശബാബ്* വാരികയെഴുതി: "പ്രപഞ്ചം നിലനിൽക്കുന്നിടത്തോളം കാലം ആ പ്രവിശാല രാഷ്ട്രത്തിന്റെ പരമാധികാരി അല്ലാഹുതന്നെയാണ്. അവിടെ ഭരണമാറ്റമില്ല. അതുകൊണ്ടു തന്നെ ഭരണപ്രശ്നങ്ങളും ഉത്ഭവിക്കുന്നില്ല......... അല്ലാഹു പ്രപഞ്ചത്തിന്റെ സ്രഷ്ടാവും സംരക്ഷകനും, താൻ സൃഷ്ടിയും ആയതുകൊണ്ട് അവന്റെ സൃഷ്ടികർതൃത്വം അംഗീകരിക്കുകയല്ല മനുഷ്യന്റെ ജോലി. അല്ലാഹുവിന്റെ വിധികർതൃത്വത്തിൽ വിശ്വസിക്കുവാനും അവന്റെ പരമാധികാരത്തിനു വിധേയമാകാനും അവന്റെ പരമാധികാര വിഭാവനയിൽ ആരെയും പങ്കുചേർക്കാതിരിക്കുവാനുമല്ല മനുഷ്യനോട് അല്ലാഹു ആവശ്യപ്പെടുന്നത്" (പേജ് 3).

അല്ലാഹുവിന്റെ വിധികർതൃത്വത്തിൽ (ഹാകിമിയ്യത്ത്) വിശ്വസിക്കാൻ അല്ലാഹു ആവശ്യപ്പെടുന്നില്ലെന്ന് വാദിക്കുന്ന മുജാഹിദുകൾ പിന്നെ ഏത് ഹാകിമിയ്യത്താണ് അംഗീകരിക്കുന്നത്? പ്രപഞ്ച സംരക്ഷണവും അതിലെ കാര്യനിർവഹണവും അല്ലാഹുവിനാണെന്നതോ? അത് മക്കയിലെ മുശ്‌രിക്കുകൾക്കും തർക്കമില്ലാത്ത കാര്യമായിരുന്നല്ലോ.

## തറാവീഹ് നമസ്കാരം

തറാവീഹ് നമസ്കാരത്തിലെ റക്‌അത്തുകളുടെ എണ്ണത്തിന്റെ കാര്യത്തിലും ജമാഅത്തെ ഇസ്‌ലാമിക്കാരെ ബോധവത്കരിക്കാൻ *ശബാബ്* വാരികയിലെ പ്രതികരണത്തിലൂടെ മുഹമ്മദലി സുല്ലമി ശ്രമിക്കുന്നുണ്ട്. ഗൾഫ് സലഫികളുൾപ്പെടെയുള്ള ലോകമുസ്‌ലിംകളുടെ കൂട്ടത്തിൽനിന്ന് ജമാഅത്തുകാരെ, ലോകത്ത് മറ്റാർക്കുമില്ലാത്ത കേരളത്തിലെ മുജാഹിദുകളുടെ കാഴ്ചപ്പാടിലേക്ക് എന്തിനു പിടിച്ചുവലിക്കണം? 'തറാവീഹ് നമസ്കാരം' എന്ന തലക്കെട്ടിൽ എം.ഐ മുഹമ്മദലി സുല്ലമി തന്നെ എഴുതുന്നു:

*എന്നാൽ മൗലികമായി നാം കാണുന്ന ഈ വിഷയത്തിൽ ജമാഅത്തുകാരുടെ നിലപാടാണ് ഗൾഫിലെ സലഫീ പണ്ഡിതന്മാരെല്ലാം വെച്ചുപുലർത്തുന്നത്. അല്ലാമാ ശൈഖ് ഇബ്നു ബാസ് (റ) പറയുന്നു: "തറാവീഹിന്റെ റക്‌അത്തുകളുടെ എണ്ണത്തെക്കുറിച്ചുള്ള മതവിധി പലർക്കും അറിയാത്ത കാര്യങ്ങളിൽ പെടുന്നു. ചിലർ അത് ഇരുപതിൽ കുറയാവതല്ലെന്ന് പറയുമ്പോൾ മറ്റു ചിലർ അത് പതിനൊന്നിനേക്കാളുമോ പതിമൂന്നിലേറെയോ കൂടാവതല്ലെന്ന് പറയുന്നു. ഈ രണ്ടു ധാരണകളും അസ്ഥാനത്താണ്. മാത്രമല്ല; അവ തെളിവുകൾക്ക് വിരുദ്ധമായ പിഴവുകളുമാണ്.*

*"രാത്രി നമസ്കാരത്തിന്റെ കാര്യം വിശാലമാണെന്ന് പ്രബലമായ ഹദീസുകളാൽ സ്ഥാപിക്കപ്പെട്ട കാര്യമാണ്. അതിന് മാറ്റം വരുത്താവതല്ലാത്ത നിശ്ചിതമായ എണ്ണമില്ല. നബി(സ) ചിലപ്പോൾ പതിനൊന്ന് നമസ്കരിക്കാറുണ്ടായിരുന്നു. മറ്റു ചിലപ്പോൾ പതിമൂന്ന് നമസ്കരിക്കാറുണ്ടായിരുന്നു. ചിലപ്പോൾ അതിനേക്കാൾ കുറവായും നമസ്കരിക്കാറുണ്ടായിരുന്നു. റമദാനിലും അല്ലാത്തപ്പോഴും നബി(സ) ഇപ്രകാരം ചെയ്തിരുന്നു. നബി(സ) രാത്രി നമസ്കാരത്തെക്കുറിച്ച് ചോദിക്കപ്പെട്ടപ്പോൾ അവിടുന്ന് പറഞ്ഞത് ഇപ്രകാരമാണ്: 'നീ രണ്ടു വീതം നമസ്കരിക്കുക. സുബ്ഹിയാകുമെന്ന് ആശങ്കയുണ്ടായാൽ ഒരു റക്അത്ത് നമസ്കരിക്കുക. അപ്പോൾ നമസ്കരിച്ചത് ഒറ്റയായിത്തീരുന്നതാണ്' (ബുഖാരി, മുസ്‌ലിം).*

*"റമദാനിലാകട്ടെ, അല്ലാത്തപ്പോഴാകട്ടെ അവിടുന്ന് റക്അത്തിന് കൃത്യമായ എണ്ണം നിശ്ചയിച്ചിട്ടില്ല. അതിനാലാണ് ഉമറി(റ)ന്റെ കാലത്ത് ചിലപ്പോൾ ഇരുപത്തി മൂന്ന് റക്അത്തുകളും മറ്റു ചിലപ്പോൾ പതിനൊന്നും നമസ്കരിച്ചത്. ഇതെല്ലാം സ്ഥിരപ്പെട്ട തെളിവുകളാണ്.*

*"സലഫികളിൽ ചിലർ മുപ്പത്തി ആറ് റക്അത്ത് തറാവീഹും മൂന്ന് റക്അത്ത് വിത്റും നമസ്കരിച്ചിരുന്നു. മറ്റു ചിലർ നാൽപത്തി ഒന്നും നമസ്കരിക്കാറുണ്ടായിരുന്നു. ഇതെല്ലാം ഇബ്നുതീമിയ്യ(റ)യും മറ്റു പണ്ഡിതരും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇബ്നുതീമിയ്യ(റ) ഇപ്രകാരം കൂടി പറഞ്ഞു: 'ഖുർആൻ പാരായണവും റുകൂഉം സുജൂദും ദീർഘമായി നിർവഹിക്കുന്നവർ റക്*

*അത്തുകളുടെ എണ്ണം കുറക്കുന്നതാണ് നല്ലത്. എന്നാൽ ഖുർആൻ പാരായണവും റുകൂഅ്, സുജൂദുകളുടെ ദൈർഘ്യവും കുറക്കുന്നവർ റക്അത്തുകളുടെ എണ്ണം വർധിപ്പിക്കുകയും ചെയ്യട്ടെ.'*

*"പതിനൊന്ന് റക്അത്തോ പതിമൂന്ന് റക്അത്തോ നിർവഹിക്കുന്നതാണ് റമദാനിലും അല്ലാത്തപ്പോഴും ഏറ്റവും ഉത്തമം. കാരണം നബി(സ) മിക്കപ്പോഴും അങ്ങനെയായിരുന്നു ചെയ്തിരുന്നത്. മാത്രമല്ല, നമസ്കരിക്കുന്നവരോട് സൗമ്യത കാണിക്കാനും കൂടുതൽ ഭക്തിയും അടക്കവും ലഭിക്കാനും അതാണ് നല്ലത്. എന്നാൽ എണ്ണത്തിൽ വർധിപ്പിക്കുന്നതുകൊണ്ട് ഒരു തകരാറുമില്ല. കറാഹത്ത് പോലുമല്ല" (സുഊദി അറേബ്യയിലെ ഫത്വാ സമിതി പ്രസിദ്ധീകരിച്ച പ്രത്യേക ലഘുലേഖയിൽനിന്ന്).*

*ഇബ്നുബാസ്(റ)യുടെ പ്രസ്താവനയിൽനിന്ന് ഗൾഫ് സലഫികളുടെ ഈ വിഷയത്തിലുള്ള വീക്ഷണം വ്യക്തമായി. ഈ വീക്ഷണത്തെക്കുറിച്ച് ആദർശവ്യതിയാനം എന്നല്ലാതെ നമുക്ക് വിധിയെഴുതാൻ സാധിക്കുകയില്ലെന്ന് സുബൈർ മങ്കടയുടെ നേതൃത്വത്തിൽ നടത്തിവരുന്ന 'സലഫി വോയ്സ്' എന്ന പ്രസിദ്ധീകരണം വായിച്ചാൽ ബോധ്യമാകുന്നതാണ്. അതിൽ ഇപ്രകാരം കാണാം: "ഇനി മൂന്നാമതൊരു വിഭാഗമുണ്ട്. മതത്തെ വെറുമൊരു 'ഹവയാക്കി' മാറ്റിയവരത്രെ അവർ. അവരെ സംബന്ധിച്ചേടത്തോളം ഒറ്റയോ ഇരട്ടയോ എന്നതല്ല ഒരട്ട എന്നതാണ് നിലപാട്. പതിനൊന്ന് നമസ്കരിക്കുന്നിടത്തു ചെന്നാൽ പതിനൊന്ന്. ഇരുപത്തിമൂന്ന് നമസ്കരിക്കുന്നിടത്തു ചെന്നാൽ ഇരുപത്തിമൂന്ന്. ഇതൊന്നുമല്ലാതെ മറ്റൊന്ന് സ്വീകരിക്കുന്നിടത്തു ചെന്നാൽ അവിടെ അങ്ങനെയും. നമസ്കരിക്കാത്തിടത്തു ചെന്നാൽ അവരും നമസ്കരിക്കുകയില്ലായിരിക്കാം. ഈ രോഗം ഇപ്പോൾ മൗദൂദികളിൽനിന്നും അഭിനവ സലഫികളായി രംഗത്തുവന്ന ചില വ്യാജന്മാരിലേക്കും സംക്രമിച്ചുകൊണ്ടിരിക്കുന്നു. തറാവീഹ് നമസ്കാരം 23 ആകാമോ? ആകാം. പതിനൊന്ന് ആകാമോ? അതും ആകാം. അങ്ങനെയും ആകാം, ഇങ്ങനെയും ആകാം. സാമുദായിക ഐക്യമാണ് അതീവ പ്രാധാന്യം (ശരീഅത്ത് നിയമങ്ങളല്ല) എന്നതാണ് ഇക്കൂട്ടരുടെ അമ്മായിവാദം. സത്യത്തെക്കുറിച്ചറിഞ്ഞിട്ടും കണ്ണടച്ച് ഇരുട്ടാക്കാൻ അവരെ പ്രേരിപ്പിക്കുന്നത് ദുൻയാവിനോടുള്ള പ്രതിപത്തിയല്ലാതെ മറ്റൊന്നുമല്ല" (ആദർശ വ്യതിയാനത്തിന്റെ വക്താക്കൾ പ്രസിദ്ധീകരിച്ചിരുന്ന 'സലഫി വോയ്സ്'- ഡിസംബർ 2000 പേജ് 17).*

*ഈ ഒറ്റ പ്രസ്താവം കൊണ്ടുതന്നെ ഗൾഫ് സലഫികൾ ഒന്നടങ്കം മൗദൂദികളിൽനിന്ന് രോഗം ബാധിച്ച വ്യാജന്മാരായിത്തീർന്നിരിക്കുന്നു! ഇബ്നുബാസ് (റ), മുഹമ്മദ് ബിൻ സ്വാലിഹ് ഉഥൈമീൻ(റ) തുടങ്ങിയവരും ഹറമുകളിൽ തറാവീഹിനും ഖിയാമിനും നേതൃത്വം നൽകുന്ന പണ്ഡിതരും സുഊദി ഫത്വാ ബോർഡിലെ ഉന്നതന്മാരായ പണ്ഡിതന്മാരും എല്ലാം വ്യാജ സലഫികൾ!* (ഗൾഫ് സലഫികളും മുജാഹിദ് പ്രസ്ഥാനവും, *പേജ് 75, 76).*

ഇത്രയും എഴുതിയ എം.ഐ. മുഹമ്മദലി സുല്ലമി ജമാഅത്തിനെതിരെ *ശബാബിൽ* ലേഖനമെഴുതിയപ്പോൾ 'തറാവീഹ് പതിനൊന്നിലേറെ ആകാവതല്ല എന്നതാണ് മുജാഹിദുകളുടെ വീക്ഷണം' എന്നു പറയുന്നു. ശൈഖ് ഇബ്നു ബാസി(റ)ന്റെ വീക്ഷണത്തിലിത് 'അസ്ഥാനത്തുള്ളതും തെളിവുകൾക്ക് വിരുദ്ധവു'മാണ്. സലഫികൾക്കു പോലുമില്ലാത്ത, കേരളത്തിലെ മുജാഹിദുകളുടേതു മാത്രമായ ഈ വിചിത്രവാദം അംഗീകരിക്കാത്തതിന്റെ പേരിൽ ജമാഅത്തിനെ ആക്രമിക്കുന്നതിന് ഇനിയെങ്കിലും അറുതിവരുത്തുമോ? ■